പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2202 08.12.2014-ൽ മറുപടിക്ക്

## കെ. എസ്. ആർ. ടി. സി .യുടെ സെസ്സ് പിരിവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. രാജു എബ്രഹാം<br>" ആർ. രാജേഷ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യാത്രക്കാരിൽ നിന്നും സെസ്സ് പിരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; സെസ്സ് വഴി സമാഹരിക്കുന്ന തുക എന്തെല്ലാം ആവശ്യങ്ങൾക്ക് വിനിയോഗിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; | (എ) | ഉണ്ട്.<br>കെ.എസ്.ആർ.ടി.സി ബസ്സുകളിൽ ടിക്കറ്റ് എടുത്ത് യാത്ര ചെയ്യുന്ന യാത്രക്കാർക്ക് യാത്രക്കിടയിൽ ഉണ്ടായേക്കാവുന്ന അപകടങ്ങൾ മൂലം ഉണ്ടാകുന്ന ആശുപത്രി ചെലവുകൾ, അടിയന്തിര സഹായം എന്നിവ ലഭ്യമാക്കുന്നതിന് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനും, യാത്രക്കാർക്കായി ബസ് സ്റ്റേഷനുകളിൽ നിലവിലുള്ളതിന് പുറമെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി മെച്ചപ്പെട്ട ശീതീകരിച്ച കാത്തിരിപ്പ് കേന്ദ്രങ്ങളും ക്ലോക്ക് റൂമുകളും സജ്ജീകരിക്കുന്നതിനും തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷക്കും വേണ്ടിയാണ് സെസ്സ് ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുള്ളത്. |
| (ബി) | സെസ് ഇനത്തിൽ പ്രതിവർഷം സമാഹരിക്കാമെന്ന് കരുതുന്ന തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്താമോ; | (ബി) | സാമൂഹിക സുരക്ഷാ സെസ് ഇനത്തിൽ പ്രതിവർഷം 150 കോടി രൂപ സമാഹരിക്കാമെന്നാണ് കരുതുന്നത്. |
| (സി) | യാത്രക്കാരിൽ നിന്നും പിരിക്കുന്ന സെസ്സ് പെൻഷൻ ബാദ്ധ്യത നിർവ്വഹിക്കുന്നതിന് വിനിയോഗിക്കുന്നുണ്ടോ; | (സി) | സെസ് തുകയുടെ ഒരു ഭാഗം പെൻഷൻ ബാദ്ധ്യത നിർവ്വഹിക്കുന്നതിന് വിനിയോഗിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | ഈ തീരുമാനം വഴി ടിക്കറ്റ് ചാർജ്ജ് ഇനത്തിൽ സ്വകാര്യ ബസുകാരും കെ.എസ്.ആർ.ടി.സി.യും തമ്മിലുണ്ടാകുന്ന വ്യത്യാസം, സ്വകാര്യ വാഹനങ്ങളെ സഹായിക്കുന്നതും, കെ.എസ്.ആർ.ടി.സി. യുടെ മത്സരക്ഷമത ഇല്ലാതാക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ | (ഡി) | യാത്രക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതുകൊണ്ടും നവീകരിച്ച ബസ് സ്റ്റേഷനുകൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതുകൊണ്ടും കെ.എസ്.ആർ.ടി.സി.യുടെ മത്സരക്ഷമത ഇല്ലാതാകുമെന്ന് കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ